(ഡി & ഇ) പമ്പയിൽ നിലവിലുള്ള പ്ലാന്റിന്റെ പ്രവർത്തനശേഷി മെച്ചപ്പെടുത്തുന്നതിനായുള്ള ജോലിക്ക് ദേവസ്വം ബോർഡ് ഭരണാനുമതി നൽകി. ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ടെന്നും ടി ദർഘാസുകൾ ബോർഡിന്റെ പരിഗണനയിലാണെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിലുള്ള ക്ഷേത്രങ്ങൾ

75 (1129) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എത്ര ക്ഷേത്രങ്ങളാണ് എച്ച്. ആർ. ഇ. കമ്മീഷണറുടെ നിയന്ത്രണത്തിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ക്ഷേത്രങ്ങളുടെ പട്ടികയുൾക്കൊള്ളുന്ന ലിസ്റ്റ് മേശപ്പുറത്തു വെയ്ക്കാമോ ;

(സി) ഈ ക്ഷേത്രങ്ങളിലെല്ലാം കൂടി ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 150 ക്ഷേത്രങ്ങളാണ് എച്ച്. ആർ. ആന്റ് സി. ഇ. കമ്മീഷണറുടെ നിയന്ത്രണത്തിലുള്ളത്.

(ബി) അനുബന്ധം-1 ആയി ചേർക്കുന്നു.*

(സി) 676 ജീവനക്കാരുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഹിന്ദുക്കളല്ലാത്ത ജീവനക്കാർ

76 (1130) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി മേഴ്സി രവി :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഹിന്ദുക്കളല്ലാത്ത ജീവനക്കാരുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര പേർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ളവയിൽ ഹിന്ദുക്കളല്ലാത്ത ജീവനക്കാരില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം സർക്കാർ ചട്ടങ്ങളനുസരിച്ചാണ് ശമ്പളം നൽകുന്നതും സർക്കാരാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രസ്സിലെ ജീവനക്കാരുടെ നിയമനം

77 (1131) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രസ്സ് നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് ;

(സി) ഇവിടുത്തെ ജീവനക്കാരുടെ നിയമനം ഏതു വിധത്തിലാണ് നടത്തുന്നത് ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തിക നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര തസ്തികകൾ ആണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇവർക്ക് വേണ്ട യോഗ്യതയും ഇവരുടെ ശമ്പള നിരക്കും വ്യക്തമാക്കുമോ ;

(ജി) ഇവരുടെ നിയമനം നേരിട്ടാണോ പ്രൊമോഷൻ വഴിയാണോ നടത്തുന്നത് ;

(എച്ച്) ഈ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഉണ്ടോ ;

(ഐ) എങ്കിൽ എത്ര ഒഴിവുകളാണുള്ളത് ;

(ജെ) ഒഴിവുള്ള തസ്തികയിൽ ആളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ് കാമ്പസിലാണ് പ്രസ്സ് സ്ഥിതി ചെയ്യുന്നത്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരമാണ് നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly